# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: MPM10/2139/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: MPM10/2139/2021 തീയ്യതി: 02/02/2022

## മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-06-2019 മുതൽ 26-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2021 | 10-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),

ശ്രീ ദിനേശൻ എം, ഓഡിറ്റ് ഓഫീസർ,
ശ്രീ മുഹമ്മദ് സിയാദ് പി.പി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ ബിജേഷ് എ.എസ്, ഓഡിറ്റർ,
ശ്രീ മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സഫിയ റസാഖ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 26-04-2019 |
| ശ്രീ മധുസൂദനൻ | സെക്രട്ടറി | 27-04-2019 | 14-07-2019 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-07-2019 | 22-07-2019 |
| ശ്രീമതി ഷീജ കെ അഹമ്മദ് | സെക്രട്ടറി | 23-07-2019 | 19-11-2019 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-11-2019 | 24-01-2020 |
| ശ്രീമതി ഷീജ കെ അഹമ്മദ് | സെക്രട്ടറി | 25-01-2020 | 06-02-2020 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-02-2020 | 28-02-2020 |
| ശ്രീമതി ശ്രീജ കെ, ജൂനിയർ സൂപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-02-2020 | 29-03-2020 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബൽക്കീസ് ചീരോത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ഗിരിജ എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. സൈറാഭായി കെ.ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സരിത വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജ ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ സിജിൻ കെ | വി.ഇ.ഒ | 01-04-2019 | 11-07-2019 |
| ശ്രീ മുഹമ്മദ് ഹസ്സൻ പനയത്തിൽ | വി.ഇ.ഒ | 12-07-2019 | 06-12-2019 |
| ശ്രീ സിജിൻ കെ | വി.ഇ.ഒ | 07-12-2019 | 31-03-2020 |
| ഡോ.രമ്യ രവീന്ദ്രൻ | വെറ്റിനറി സർജൻ | 01-04-2019 | 31-05-2019 |
| ഡോ. ജോജ്ജു ജോൺസ് | വെറ്റിനറി സർജൻ | 01-06-2019 | 15-09-2019 |
| ഡോ. സൂസൻ ചെറിയാൻ | വെറ്റിനറി സർജൻ | 16-09-2019 | 30-09-2019 |
| ഡോ. മധുസൂദനൻ സി.എസ് | വെറ്റിനറി സർജൻ | 01-10-2019 | 26-01-2020 |
| ഡോ.രമ്യ രവീന്ദ്രൻ | വെറ്റിനറി സർജൻ | 27-01-2020 | 31-03-2020 |
| ശ്രീമതി അശ്വതി വി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 13-05-2019 |
| ശ്രീ ബിപിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-05-2019 | 26-06-2019 |
| ശ്രീമതി അശ്വതി വി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-06-2019 | 30-09-2019 |
| ശ്രീ ബിപിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Bijesh A S (Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-11 |
| 12 | ഡി&ഒ ലൈസൻസ് - ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തിയില്ല, ലൈസൻസ് ഫീസിന്റെ മാനദണ്ഡം വ്യക്തമല്ല.<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല- അപാകതകൾ<br>Written By: Bijesh A S (Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-13 |
| 14 | ഓഡിറ്റോറിയം കെട്ടിടത്തിന്റെ പാർക്കിംഗ് പ്ലാൻ സംബന്ധിച്ച്<br>Written By: Mohammed Noushad A K (Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-14 |

| | | |
|---|---|---|
| 15 | MGNREGS ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ അധിക ചെലവ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-15 |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതാണ്<br>Written By: Suresh.P (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-16 |
| 17 | വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Suresh.P (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-17 |
| 18 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - അപാകതകൾ<br>Written By: Suresh.P (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-18 |
| 19 | മരുന്നുകൾ ലഭ്യമാവാത്തത്<br>Written By: Suresh.P (Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-19 |
| 20 | KCWWF വിഹിതം അടവാക്കിയത് - കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-20 |
| 21 | 2019-20 ലെ മരാമത്ത് പ്രൊജക്ടുകൾ- പ്രൊജക്ട് നിർവ്വഹണം, ഫണ്ട് വിനിയോഗം, മോണിറ്ററിംഗ് - അപാകതകൾ<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-21 |
| 22 | ഭിന്നശേഷി കുട്ടികളുടെ കലാകായിക മത്സരം-ചെലവുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചില്ല<br>Written By: Mohammed Noushad A K (Auditor, On 12-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-22 |
| 23 | അംഗനവാടി പോഷകാഹാരം- അധിക തുക നൽകി<br>Written By: Mohammed Noushad A K (Auditor, On 12-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 28-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mohammed Noushad A K (Auditor, On 28-11-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1/21.02.2019 | തീരുമാന നം 3(1)/11.03.2020 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 10-06-2020 | _ | _ |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | വർഷം 2019-20 |
|---|---|
| മുന്നിരിപ്പ് | 11842851.9 |
| വരവ് | 52372997 |
| ആകെ | 64215848.9 |
| ചെലവ് | 49979746 |
| നീക്കിയിരിപ്പ് | 14236102.9 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12306000 | 12306000 | 9945215 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 7959000 | 7959000 | 3760665 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 10845000 | 10845000 | 4975313 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3955000 | 3955000 | 1812846 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9406319 | 9406319 | 3664714 | 0 |
| ബി ഫണ്ട് | 0 | 17916820 | 17916820 | 17916820 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 210 | 67500625 | 101 | 32669151 | 0 | 109 | 48.10 |

*പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ*

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 34015 | 1377931 | 1411946 | 1409862 | 2084 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20591943 | 20591943 | 20591943 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 83520 | 56 |
| കർഷക തൊഴിലാളി വേതനം | 1671600 | 276 |
| വിധവാ പെൻഷൻ | 4765800 | 853 |
| വാർദ്ധക്യകാല പെൻഷൻ | 9159900 | 1712 |
| വികലാംഗ പെൻഷൻ | 1871200 | 351 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതയായ വനിതകൾക്കുള്ള പെൻഷൻ | 364800 | 64 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2021 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ ബാങ്കിലടവാക്കിയിരുന്നതിനാൽ പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ ആയതിന്റെ കൃത്യത ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലിയേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി.രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. ജി.ഒ(പി)177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല. ആസ്തി രജിസ്റ്റർ

കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ധന മാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച് നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ച് കാണുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 | 10/2021 | 23.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-11-2018 മുതൽ 28-11-2018 വരെ | 2013-14 മുതൽ 2017-18 വരെ | 07-01-2019 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ Contractor's Retention ആയി 31168/- രൂപ വരവ് വന്നിട്ടുണ്ടെങ്കിലും, Receipt & Payment സ്റ്റേറ്റ്മെന്റിലെ Contractor's Retention എന്ന ഹെഡിൽ 21193/- മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്. മാത്രമല്ല ഡെപ്പോസിറ്റുകൾ തിരികെ നൽകുന്ന മുറക്ക് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2. ബാലൻസ് ഷീറ്റിലെ Schedule B-9-ൽ Liabilities In Respect Of Stale Cheques എന്ന ഹെഡിന് കീഴിൽ 700/- രൂപ വർഷങ്ങളായി രേഖപ്പെടുത്തി കാണുന്നുണ്ട്. 3 വർഷത്തിലേറെയായി നിലനിൽക്കുന്ന തുകകളാണെങ്കിൽ പഞ്ചായത്ത് ഫണ്ടിലേക്ക് വക മാറ്റാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/19-20/07.12.21-ന് മറുപടി ലഭിച്ചിട്ടില്ല

## 1-12 ഡി&ഒ ലൈസൻസ് - ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തിയില്ല, ലൈസൻസ് ഫീസിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)

എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ച് പ്രാബല്യത്തിൽ വരുത്തിയതായി ഭരണസമിതി തീരുമാനമെടുക്കുകയോ ബൈലോ തയ്യാറാക്കുകയോ മറ്റോ ചെയ്തതായി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച അപേക്ഷകളിൽ മിക്കവയും മൂലധന നിക്ഷേപം രേഖപ്പെടുത്താത്തവയാണ്. ഇത്തരം അപേക്ഷകർക്കും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അനുവദിച്ച ആദ്യ 25 ലൈസൻസുകളിൽ തന്നെ 20 എണ്ണത്തിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ, മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിന്മേൽ ഫീസ് നിർണ്ണയിച്ചത് എന്ത് മാനദണ്ഡപ്രകാരമാണ് എന്നത് വ്യക്തമല്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ലൈസൻസ് നം | ലൈസൻസ് ഫീസ്, ഉദ്ദേശം |
|---|---|---|
| 1 | 01/2019-20/S4/1233/24.04.2019 | 200/- രൂപ. ഓയിൽ മിൽ നടത്തുന്നതിന് |
| 2 | 02/2019-20/S4/1241/29.04.2019 | 200/- രൂപ. ഔഷധി കട നടത്തുന്നതിന് |
| 3 | 06/2019-20/S4/1255/29.04.2019 | 300/- രൂപ. സ്റ്റേഷനറി, പലചരക്ക് കച്ചവടം നടത്തുന്നതിന് |
| 4 | 08/2019-20/S4/1259/07.05.2019 | 500/- രൂപ. റെഡിമെയ്ഡ് ഹോൾസെയിൽ കച്ചവടം നടത്തുന്നതിന് |
| 5 | 24/2019-20/S4/1273-7 /07.05.2019 | 200/- രൂപ. അലുമിനിയം പാത്ര കച്ചവടം നടത്തുന്നതിന് |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/2019-20/04.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അടുത്ത ഭരണസമിതി യോഗത്തിൽ മേൽ വിഷയം അജണ്ടയിലുൾപ്പെടുത്തി തീരുമാനമെടുക്കുന്നതാണെന്നറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല- അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അതാത് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതികൾ ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വി.ഇ.എം പബ്ലിക് സ്കൂൾ | I, II |
| 2 | CDMRP പ്രൊജക്ട്-സൈക്കോളജി ഡിപ്പാർട്ട്മെന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി | II |
| 3 | എസ്.കെ.ജെ.എം.സി.സി പ്രസ്സ് | II |
| 4 | ചോലക്കൽ ശ്രീധരപ്പണിക്കർ അസോസിയേറ്റ്സ് | I, II |
| 5 | എൻ. സി പെട്രോളിയം പമ്പ് (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 6 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | I, II |
| 6 | ഹോട്ടൽ റൺവേ (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 11 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | I, II |

2) ചുവടെ ചേർത്ത സ്ഥാപനത്തിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എസ്.ബി.ഐ - I, II അർദ്ധ വർഷങ്ങളിലെ.

3) ചുവടെ ചേർത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഒടുക്കിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

(I) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ-ചേളാരി-കോൺട്രാക്ട് വർക്കേഴ്സ്, ലോഡിംഗ് & അൺലോഡിംഗ് സ്റ്റാഫ്. Rs.31150/-

(II) എസ്.ബി.ഐ - II അർദ്ധ വർഷം. Rs.13750/-

4) തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ ഡ്രൈവറുടെ I, II അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/2019-20/06.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ/ജീവനക്കാർ അതാത് തൊഴിൽ നികുതികൾ അടവാക്കിയിട്ടില്ലാത്തതിനാൽ അവ ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്നും റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരവും തൊഴിൽ നികുതി ഈടാക്കി അക്കാര്യവും അറിയിക്കേണ്ടതാണ്.

## 1-14 ഓഡിറ്റോറിയം കെട്ടിടത്തിന്റെ പാർക്കിംഗ് പ്ലാൻ സംബന്ധിച്ച്

ഫയൽ നം. 3852/2019 തീയ്യതി 02.08.19 പ്രകാരം 1391.87 ചതുരശ്രമീറ്റർ തറവിസ്തീർണ്ണം ഉള്ള സമ്മേളന കെട്ടിടത്തിന് 10/644A നമ്പറിൽ ഒക്യുപൻസി നൽകിയിരുന്നു. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ പാർക്കിംഗ് സ്പേസ് കണക്കാക്കിയതിന്റെ സംക്ഷിപ്തം ചുവടെ നൽകുന്നു

| | | |
|---|---|---|
| 1 | കെട്ടിടത്തിന്റെ കാർപ്പെറ്റ് ഏരിയ | 1057.39 ച.മീ. |
| 2 | ആവശ്യമായ പാർക്കിംഗ് സ്പേസ് | 1057.39 /(1.5*15) = 47 |
| 3 | നൽകിയ പാർക്കിംഗ് സ്പേസ് | 75% Of 47 = 35.25 = 36 |

മേൽ പട്ടികയിലെ ക്രമ നം. 3 പ്രകാരം, ആവശ്യമായ പാർക്കിംഗ് സ്പേസിന്റെ 75% മാത്രമേ അനുവദിച്ചതായി കാണുന്നുള്ളൂ. എന്നാൽ ഈ ഇളവ് കാറ്റഗറി – II പഞ്ചായത്തുകൾക്ക് മാത്രമേ ബാധകമാവൂ. തേഞ്ഞിപ്പലം കാറ്റഗറി – I പഞ്ചായത്തായതിനാൽ നിർമ്മാണങ്ങൾക്ക് ക്രമ നം. 2 പ്രകാരമുള്ള പാർക്കിംഗ് ആവശ്യമാണ്.

ടി കെട്ടിട നിർമ്മാണത്തിന് 06.04.13 തീയ്യതിയിൽ നൽകിയ നം. TP/BP/4765/493/12-13 പെർമിറ്റിന്റെ കാലാവധി 05.04.16-ന് അവസാനിക്കുകയും പിന്നീട് നിർമ്മാണം ക്രമവത്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഴയ രേഖകളിൽ ഒന്നും തന്നെ കെട്ടിടത്തിന്റെ പാർക്കിംഗ് പ്ലാൻ രേഖപ്പെടുത്തിയതായി കാണുന്നില്ല. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിക്കുമ്പോൾ ഈ വസ്തുത കൂടി പരിശോധിക്കേണ്ടതായിരുന്നു.

കെട്ടിടത്തിന് നൽകേണ്ട പാർക്കിംഗ് സ്പേസ് കൂടി ഉൾപ്പെടുത്തി കംപ്ലീഷൻ പ്ലാൻ പുനഃസമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 03/19-20/03.12.21-ന് മറുപടി ലഭ്യമായിട്ടില്ല.

## 1-15 MGNREGS ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ അധിക ചെലവ്

വൗച്ചർ നം. 21900562 തി. 16.12.2019 പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ലാപ് ടെക്ക് സിസ്റ്റംസ് പരപ്പനങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടിയില്ലാതെ MGNREGS ഓഫീസിലേക്ക് 48850 രൂപ നിരക്കിൽ 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

കേരള സർക്കാറിന്റെ ഐ.റ്റി.സെൽ-1/26/2019/വി.സ.വ തീയതി 18.03.2019 ഉത്തരവു പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വിവിധ കമ്മീഷനുകൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടൽ (Www.cprcs.kerala.gov.in) സംവിധാനത്തിലൂടെ വാങ്ങുന്നതിനായി ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനം 18/11/2017-ലെ സ.ഉ (എം.എസ്) നം.24/2017/ITD ലെ

ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി. വിവിധ സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾ മുൻനിർത്തി കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ.റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിലും സ്ഥാപനങ്ങളിലും നിന്നുമുള്ള വർക്ക് ഓർഡർ പ്രകാരം വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് സംവിധാനത്തിൽ ഏർപ്പെടുത്തിയിരുന്നത്.

ഓരോ സാമ്പത്തിക വർഷവും സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതിനായി പല സന്ദർഭങ്ങളിലായി നടത്തിയിരുന്ന പ്രത്യേക ടെണ്ടറുകളും അതിനു വേണ്ടി ചെലവാകുന്ന മാനുഷിക അധ്വാനം, ധനവിനിയോഗം, അംഗീകാരത്തിനായി വിവിധ തലങ്ങളിൽ പരിശോധന എന്നിവ കുറയ്ക്കുന്നതിനും, കൂടാതെ സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകതക്കനുസരിച്ച് വലിയ ടെണ്ടർ ചെയ്യുമ്പോൾ, ഐ.റ്റി ഉപകരണങ്ങളുടെ വിലയിൽ ലഭ്യമാകുന്ന ആനുകൂല്യം എന്നിവ കണക്കിലെടുത്തുകൊണ്ടാണ് സെൻട്രലൈസ് പ്രോക്യൂർമെന്റ് (Centralized Procurement) സംവിധാനത്തെ സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായി ആവിഷ്കരിച്ചുകൊണ്ട് നടപ്പാക്കുവാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകത മുൻനിർത്തി വളരെ പ്രാധാന്യം നൽകികൊണ്ട് സർക്കാർ നടപ്പിലാക്കിയ ടി സംവിധാനത്തിലൂടെയല്ലാതെ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളതല്ല എന്ന കർശന നിർദ്ദേശം മേൽ ഉത്തരവു പ്രകാരം നൽകപ്പെട്ടിട്ടുള്ളതാണ്.

കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ / സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം (SeMT) പ്രതിനിധി ഉൾപ്പെട്ട വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ സഹിതം മാത്രമേ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഐ.റ്റി ഉപകരണങ്ങളുടെ പർച്ചേസ് അനുവദിക്കുകയുള്ളൂ. ഇക്കാര്യം എല്ലാ വകുപ്പ് സ്ഥാപന മേധാവികളും പർച്ചേസിനു മുമ്പായി ഉറപ്പു വരുത്തേണ്ടതാണ്. മേൽ നിർദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

മാത്രമല്ല, സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് (Centralized Procurement) സംവിധാനത്തിലൂടെ (CPRCS പോർട്ടൽ വഴി) 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ “പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ” (പ്രൊജക്ട് നം. 327/21) എന്ന പദ്ധതിയിൽ 39797 രൂപ നിരക്കിൽ 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. MGNREGS ഓഫീസിലേക്ക് വാങ്ങിയതിലും മികച്ച സ്പെസിഫിക്കേഷനിലുള്ളവയാണ് മേൽ കമ്പ്യൂട്ടറുകൾ. (18.5 ഇഞ്ച് സ്ക്രീനിനു പകരം 19.5 സ്ക്രീൻ, 4 യുഎസ്ബി പോർട്ടിനു പകരം 6 പോർട്ട് Etc. ) മേൽ വസ്തുത പരിഗണിച്ചാൽ 18,106 രൂപ (48850-39797= 9053x2) MGNREGS ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ അധിക ചെലവു വന്നിട്ടുണ്ട്.

സർക്കാർ നിർദേശം പാലിക്കാതെ ഇത്തരത്തിൽ കമ്പ്യൂട്ടറുകൾ വാങ്ങിയതിനു വിശദീകരണം നല്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം.11/7.12.2021 (2019-20) നു ലഭ്യമാക്കിയ മറുപടിയിൽ തൊഴിലാളികളുടെ കൂലി വിതരണമുൾപ്പെടെയുള്ളള നടപടികളിൽ കാലതാമസം വരുന്നത് മൂലം ബന്ധപ്പെട്ട ജീവനക്കാർക്ക് സാമ്പത്തിക ബാധ്യത വരുത്തുന്ന തരത്തിൽ തൊഴിലില്ലായ്മാ വേതനം നല്കാൻ വ്യവസ്ഥ ഉള്ളതിനാലും CPRCS സംവിധാനത്തിലൂടെ വാങ്ങൽ നടപടി കാല താമസം നേരിടുമെന്നതിനാലുമാണ് ടെൻഡർ നടപടികളിലൂടെ കമ്പ്യൂട്ടർ വാങ്ങിയതെന്നു മറുപടി നല്കുകയുണ്ടായി.

ഭാവിയിൽ സർക്കാർ നിർദേശം യഥാവിധി പാലിക്കേണ്ടതും ഇക്കാര്യത്തിലെ വീഴ്ച ഓഡിറ്റ് ഗൗരവ പൂർവം വീക്ഷിക്കുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി ചുമത്തുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

## 1-16 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതാണ്

തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറത്ത് എസ്.സി കോളനി റോഡിൽ വാട്ടർലൈൻ എക്സ്റ്റൻഷന് വേണ്ടി 179/20 സ്പിൽ ഓവർ പദ്ധതിയിൽ എസ്.സി.പി ഫണ്ട് 4,00,000 രൂപ ബിൽ നമ്പർ 01/30.04.2019 പ്രകാരം പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. 07.03.2019 ലെ വാട്ടർ അതോറിറ്റിയുമായി ഒപ്പവെച്ച കരാർ ഉടമ്പടിയിലെ (9/18-19) ക്രമ നമ്പർ 6 ൽ 30.06.2019 ന് പ്രവൃത്തി പൂർത്തീകരിക്കുമെന്നും ക്രമ നമ്പർ 7 ൽ പണി പൂർത്തിയായതിനുശേഷം ഒരാഴ്ചക്കുള്ളിൽ പൂർത്തീകരണവിവരം ലഭ്യമാക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ നാളിതുവരെയായും വിനിയോഗവിവരങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (01/19-20/02.12.21) നല്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ച് 3,37,184/- രൂപയുടെ സാക്ഷ്യപത്രം പഞ്ചായത്തിന് ലഭ്യമാക്കിയത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 62,866/- രൂപ വാട്ടർ അതോറിറ്റിയിൽനിന്നും തിരിച്ചീടാക്കി വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-17 വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 13,00,000 |
| പ്രൊജക്ട് | 3/20 SSA വിഹിതം അടവാക്കൽ |
| ചെലവ് | ബിൽ 07/20.08.19: 13,00,000 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി 2019-20 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടിൽ മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകകളള്ള കൈപ്പറ്റ്, വിശദമായ വിനിയോഗവിവരങ്ങൾ എന്നിവ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല.

മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/19-20/06.12.2021) മറുപടി ലഭ്യമായിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | 190/20(SO) തെരുവ് വിളക്ക് റിപ്പയർ |
| അടങ്കൽ | 1,00,000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 99,750 Vr. 21900234/15.07.19 |
| നിർവഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ് പ്രൊജക്ട്. പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ മുഖേന പ്രവൃത്തി ചെയ്യുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത്. 05.02.19 ലെ 2(9) തീരുമാനപ്രകാരം ശ്രീ വത്സരാജൻ കെ.പി എന്നവരുടെ ടെണ്ടർ അംഗീകരിക്കുകയും മേൽ വൗച്ചർ പ്രകാരം തുക നല്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ ഡി.എ.3/2011/ തസ്വഭവ തി.15.09.2011 പ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ എസ് ഐ മാർക്കുള്ളവയായിരിക്കണമെന്നും കെ എസ് ഇ ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ലെന്നും കെ എസ് ഇ ബി യുടെ സൂപ്പർ വിഷനിൽ പ്രവർത്തികൾ ചെയ്യണമെന്നും നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ പദ്ധതി ആരംഭിക്കുന്നതിനു മുൻപ് ആയവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തേണ്ടതാണ്.

2. കെ.എസ്.ഇ.ബിയിൽനിന്നും അനുമതി ലഭിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

3. തെരുവ് വിളക്ക് സംബന്ധിച്ച് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇവ ജനറൽ സ്റ്റോക്ക് രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ, അറ്റകുറ്റപ്പണി നടത്തിയ തീയതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ പരാതി രജിസ്റ്റർ (തെരുവ് വിളക്ക്) പരിപാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. (09/19-20/06.12.2021)

## 1-19 മരുന്നുകൾ ലഭ്യമാവാത്തത്

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു.

1. 158/20 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

റോഡിതര മെയിന്റനൻസ് ഗ്രാന്റ് 2,00,000 രൂപ ബിൽ നമ്പർ 06/21.10.2019 പ്രകാരം പിൻവലിച്ച് കെ .എം.സി.എല്ലിന് നല്കിയിട്ടുണ്ട്. ഇതുവരെ ലഭിച്ച മരുന്നുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 10940/14.2.20 | 20,692 |
| 2 | 336/10.4.20 | 84,078 |
| 3 | 337/10.4.20 | 48,237 |
| 4 | 1078/29.6.20 | 16,435 |
| 5 | 5024/29.6.20 | 2,230 |
| 6 | 332/22.4.21 | 26,844 |
| | ആകെ | 1,98,516 |

1,484 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു.

2. 157/20 പരിരക്ഷ

6,50,000 രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയിൽ 2,00,000 രൂപ മരുന്ന് വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 2970855/16.12.19. ഇതിൽ ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് | തുക |
|---|---|---|
| 1 | 30217/10.2.21 | 46,957 |
| 2 | 1628/20.5.21 | 25,146 |
| 3 | 1043/24.5.21 | 22,354 |
| 4 | 1744/24.5.21 | 10,994 |
| 5 | 1809/26.5.21 | 20,447 |
| 6 | 1808/26.5.21 | 34,477 |
| 7 | 1945/29.5.21 | 2,122 |
| 8 | 3594/11.7.21 | 10,982 |
| 9 | 3870/19.7.21 | 22,399 |
| 10 | 4303/30.7.21 | 1,698 |
| 11 | 7251/13.10.21 | 1,559 |
| | ആകെ | 1,99,135 |

865/- രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു.

എന്നാൽ ഇങ്ങനെ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കെ.എം.എസ്.സി.എൽ നിന്നും മുഴുവൻ മരുന്നുകളും സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. 4.02.2018 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 22/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തീരാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.3 ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോ, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങാൻ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് മേൽ സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് യഥാ സമയം മരുന്നുകൾ ലഭ്യമാക്കുന്നതിൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നത് ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. പർച്ചേസ് ഓർഡർ നൽകുന്ന മരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തത് മൂലം സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന അപാകതകളുണ്ടാകുന്നു.

1. സാമ്പത്തിക വർഷാരംഭത്തിൽ സ്റ്റോക്ക് തിട്ടപ്പെടുത്തി തൻവർഷം വാങ്ങേണ്ട മരുന്നുകളുടെ ഇന്റന്റ് കൃത്യതയോടെ തയ്യാറാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല. മരുന്നുകളുടെ മുൻബാക്കി ലഭിക്കുന്നതിലെ അനിശ്ചിതത്വമാണ് അപാകതക്ക് കാരണമാകുന്നത്.

2.അടിയന്തിരമായി ലഭ്യമാക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. ഉദാ: പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരമുള്ള 2,00,000 രൂപയുടെ പർച്ചേസ് ഓർഡറിൽ ഉൾപ്പെട്ട മരുന്നുകൾ ഓഡിറ്റ് തീയതി വരെയും പൂർണ്ണമായും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. കാലതാമസം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.4 ൽ കെ.എം.എസ്.സി.എൽ ന് ഇൻഡന്റ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ അടിയന്തിര സാഹചര്യം മറികടക്കുന്നതിന് കാരുണ്യ/നീതി/ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മേൽ മാർഗ്ഗം പരിഗണിക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണത്തിന് (02/19-20/02.12.21) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 KCWWF വിഹിതം അടവാക്കിയത് - കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ 2019-20, ൽ അനുവദിച്ച വർക്ക് ബില്ലുകളിൽ നിന്നും ഇപ്രകാരം കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകക്ക് ഓഡിറ്റ് എൻക്വയറി നം.13/20-21/8.12.2021 മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 2019-20 ലെ മരാമത്ത് പ്രൊജക്ടുകൾ- പ്രൊജക്ട് നിർവ്വഹണം, ഫണ്ട് വിനിയോഗം, മോണിറ്ററിംഗ് - അപാകതകൾ

എ) പ്രൊജക്ട് നിർവ്വഹണം - പൂർത്തീകരണ ശതമാനം കുറവ്

2019-20 വാർഷിക പദ്ധതിക്കുവേണ്ടി 120 പൊതു മരാമത്ത് പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭ്യമാക്കിയിരുന്നത് . എന്നാൽ അവയുടെ നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിശദ വിവരങ്ങൾ താഴെ പറയുന്നു.

| | പുതിയ പ്രൊജക്ടുകൾ | ശതമാനം | സ്പിൽഓവർ പ്രൊജക്ടുകൾ | ശതമാനം | ആകെ പ്രൊജക്ടുകൾ |
|---|---|---|---|---|---|
| അംഗീകാരം ലഭിച്ച പ്രൊജക്ടുൾ | 73 | 60.83 | 47 | 39.17 | 120 |
| നടപ്പാക്കിയവ | 10 | 13.70 | 35 | 74.47 | 45 |
| നടപ്പാക്കാത്തവ | 63 | 86.30 | 12 | 25.53 | 75 |

ബി)ഫണ്ട് വിനിയോഗം - പുരോഗതി കൈവരിക്കാനായിട്ടില്ല.

മരാമത്ത് പ്രൊജക്ടുകൾക്ക് തൻവർഷം ആകെ വകയിരുത്തിയിരുന്ന 29372231 രൂപയിൽ 10628099 രൂപ, 36.18%, മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. തൻവർഷം വകയിരുത്തിയ വിവിധ ഫണ്ടുകൾ വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവ് ശതമാനം. |
|---|---|---|---|
| പ്ലാൻ ഫണ്ട് (ജനറൽ) | 981388 | 21877 | 2.22 |
| പ്ലാൻ ഫണ്ട് (എസ്.സി.പി) | 1473800 | 673345 | 45.68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8731050 | 3664714 | 41.972 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1233000 | 538070 | 43.64 |
| തനത് ഫണ്ട് | 1750343 | 556379 | 31.78 |
| ബ്ലോക്ക് ഫണ്ട് | 860000 | 133587 | 15.53 |
| എം.ജി (റോഡ്) | 12911000 | 4975313 | 38.53 |

| | | | |
|---|---|---|---|
| എം.ജി (നോൺറോഡ്) | 1431650 | 64814 | 4.53 |
| ആകെ | 29372231 | 10628099 | 36.18 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ട് നിർവ്വഹണം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 3.4.2019 ലെ യോഗം മുതൽ തുടർന്നുള്ള എല്ലാ യോഗങ്ങളിലും തുടർച്ചയായി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് എന്ന് കമ്മിറ്റിയുടെ യോഗ മിനുട്സിൽ നിന്നും വ്യക്തമാണ്. മിക്ക യോഗങ്ങളിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യവും ഉണ്ടായിരുന്നു. എന്നിട്ടും പ്രൊജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനാകാതെ പോയതിന് കാരണം ഭരണ സമിതി പ്രത്യേകം വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി)മോണിറ്ററിംഗ് നടത്തിയിട്ടില്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യം മുതൽ അവസാനം വരെ വിഭാവനം ചെയ്ത രീതിയിൽ തന്നെയാണ് നടക്കുന്നതെന്ന് നിർവ്വഹണത്തിന്റെ ഓരോ ഘട്ടങ്ങളിലും പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. മരാമത്ത് പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് പൊതുമരാമത്ത് ഊർജ്ജ വർക്കിംഗ് കമ്മിറ്റിയാണ്. എന്നാൽ പ്രസ്തുത കമ്മിറ്റി ഈ കർത്തവ്യം നിർവ്വഹിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.16/9-20/10.12.2021)

## 1-22 ഭിന്നശേഷി കുട്ടികളുടെ കലാകായിക മത്സരം-ചെലവുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചില്ല

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നം. : 36/19-20 ഭിന്നശേഷി കുട്ടികളുടെ കലാകായിക മത്സരം നടത്തൽ

അടങ്കൽ: : 75000/-(₹50000-വികസന ഫണ്ട്-ജനറൽ+₹25000-തനത് ഫണ്ട്)

ചെലവ് വിവരം : 63575/-(₹49975/-വികസന ഫണ്ട്-ജനറൽ+₹13600-തനത് ഫണ്ട്)

ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ/ചെക്ക് നമ്പർ/തിയതി | തുക | ഉദ്ദേശം | കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | 13/18.03.2020, Rs.49975/- | 6500/- | ലൈറ്റ്, സൗണ്ട്, ജനറേറ്റർ | ശ്രീ. മുഹമ്മദലി എം |
| 2 | | 37550/- | ഭക്ഷണം | ശ്രീ. അബ്ദുൽ റഷീദ് എം |
| 3 | | 5925/- | ട്രോഫികൾ | ശ്രീ. സെയ്ത് മുഹമ്മദ് തങ്ങൾ |
| 4 | 2644183/19.06.2020, Rs. 13600/- | 10400/- | ഡെക്കറേഷൻ, പന്തൽ | ശ്രീ. അബ്ദുൽ റഷീദ് എം |
| 5 | | 3200/- | ഫോട്ടോഗ്രഫി, ഡോക്യുമെന്റേഷൻ | ശ്രീ. മുഹമ്മദ് ഫായിസ് |
| ആകെ | | 63575/- | | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ – ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ പദ്ധതി പ്രകാരമുള്ള, മേൽ പട്ടികയിലെ ക്രമനം 1 മുതൽ 4 വരെയുള്ള 5000 രൂപയിൽ കൂടുതലുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/2019-20 /10.12.2021 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 അംഗനവാടി പോഷകാഹാരം- അധിക തുക നൽകി

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നം. : 11/19-20 അംഗനവാടി പോഷകാഹാരം

അടങ്കൽ: : 3500000/-(₹2100000-വികസന ഫണ്ട്-ജനറൽ+₹1400000-കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് വിവരം : 3292222/-(₹2099872/-വികസന ഫണ്ട്-ജനറൽ+₹1192350-കേന്ദ്രാവിഷ്കൃത ഫണ്ട്)

വിവിധ ബില്ലുകൾ പ്രകാരമുള്ള മേൽ ചെലവിൽ ബിൽ നമ്പർ 02/20.08.2019 പ്രകാരമുള്ള 251232 രൂപ, അമൃതം ന്യൂട്രിമിക്സ്, സബല എന്നിവ വിതരണം ചെയ്തതിന് തീർത്ഥം ന്യൂട്രിമിക്സ് വാഴയൂരിന് നൽകിയതാണ്. മേൽ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നമ്പർ/തിയതി | തുക | വിതരണം ചെയ്ത സാധനങ്ങളും തൂക്കവും |
|---|---|---|---|
| 1 | 18/22.05.2019 | 81917 | അമൃതം- 1107Kg (Rs.70/Kg+5%GST+Rs.553 കടത്ത്) |
| 2 | 22/22.05.2019 | 24969 | സബല- 275Kg (Rs.86/Kg+5%GST+Rs.137 കടത്ത്) |
| 3 | 19/30.06.2019 | 119140 | അമൃതം- 1660.5Kg (Rs.70/Kg+5%GST+Rs.830 കടത്ത്) |
| 4 | 20/30.06.2019 | 25284 | സബല- 280Kg (Rs.86/Kg+5%GST) |
| ആകെ | | 251310 | |

ഇൻവോയ്സുകൾ പ്രകാരം ആകെ 251310 രൂപയാണ്. എന്നാൽ ബിൽ പ്രകാരം 251232 രൂപയാണ് നൽകിയത്. 78 രൂപ കുറവായിട്ടാണ് കാണുന്നത്. മാത്രമല്ല, പട്ടികയിലെ ക്രമനം. 3 ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തതിൽ 'കൊയപ്പ' അംഗനവാടിക്ക് ലഭ്യമാവേണ്ട 40.5 Kg അമൃതം ന്യൂട്രിമിക്സിൽ 40Kg മാത്രവും 10Kg സബല ലഭ്യമാവേണ്ടതിൽ 5Kg മാത്രവുമാണ് ലഭ്യമായത്. ക്രമ നം. 1 ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തതിൽ 'കരുവണ്ടി' അംഗനവാടിക്ക് ലഭ്യമാവേണ്ട 10Kg സബലയിൽ 5Kg മാത്രമാണ് ലഭ്യമായത്. ആകെ 10Kg സബലയും ഒരു പാക്ക് (500g) അമൃതവും ലഭ്യമായിട്ടില്ല. മേൽ കുറവ് സംഭവിച്ചതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ ഫയലിൽ രേഖപ്പെടുത്തി ആയതിന്റെ തുക കുറവ് വരുത്തിയാണ് വിതരണക്കാരായ തീർത്ഥം ന്യൂട്രിമിക്സ് വാഴയൂരിന് തുക അനുവദിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ബിൽ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ചത് പ്രകാരം (സബല-(10x86)+5%GST=903)+(അമൃതം-(0.5x70)+5%GST)=37))= 940/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. എന്നാൽ ബിൽ പ്രകാരം 78 രൂപ കുറവായിട്ടാണ് അനുവദിച്ചത്. ആയത് കുറവ് ചെയ്താൽ 862 രൂപ (940 –78) അധികം അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 14/2019-20/10.12.2021 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 04.12.2021 മുതൽ<br>06.12.2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 365000 | ഭിന്നശേഷി സ്കോളർഷിപ്പ്-22/20 | 365000 | 0 |
| | 379500 | നെൽ കൃഷി വികസനം-133/20 | 379500 | 0 |
| | 370500 | നെൽ കൃഷി വികസനം-133/20 | 370500 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൊട്ടപ്പുറത്ത് എസ്.സി കോളനി റോഡ് വാട്ടർ ലൈൻ എക്സ്റ്റൻഷൻ 179/20 | ബിൽ 01/30-04-19 | 400000 | 337184 | 62816 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2004-05 | പൊതുപരാമർശം | കൊയ്ത്തുമെതിയന്ത്രം-പദ്ധതി ലക്ഷ്യം | കാലപ്പഴക്കത്താൽ നശിച്ച ഉപകരണങ്ങൾ ലേല നടപടികൾക്കായി ചലാൻ അടച്ച് |

| | | | | | |
|---|---|---|---|---|---|
| | | | | നേടിയില്ല | പി.ഡബ്ലിയുഡി മെക്കാനിക്കൽ വിഭാഗത്തിന് അനുമതിക്കായി സമർപ്പിച്ചു. |
| 2011-12, 2012-13 | 3(1) | 2014-15 | | നിഷ്ക്രിയാസ്തികൾ- അവലോകനം | നിലനിൽക്കുന്നു |
| 2013-14, 2014-15 | 2(1),2(3) | 2016-17 | അനുബന്ധം | 2(1) വസ്തു നികുതി പിരിവ് അപാകതകൾ 2(3)തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു. |
| 2015-16 | 2(2) | 2016-17 | അനുബന്ധം | 2(2) ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി | നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക*

ഇല്ല

*ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക*

| ക്രമനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997/98 | 35(2) | സി.പി മോയ്തീൻകുട്ടി സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | എൽ.എഫ്2428/സ്പെഷ്യൽ സെൽ/എസ്.സി /05/16.11.2006 | 3000 | 1500, 6950/53 /6.11.2000 | 0 | 0 | 0 | 1500 | 1500 |
| 2 | 1997/98 | 36(3) | തുളസീഭായ്, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | എൽ.എഫ്2428/സ്പെഷ്യൽ സെൽ/എസ്.സി /05/16.11.2006 | 1000 | 1000, 22624/95 /21.01.2006 | 0 | 0 | 0 | 1000 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52372997 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49979746 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ഇല്ല |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

ഇല്ല

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 | എൽ.എഫ്.എം14/1736/13 (2) തീയതി 21-1-2014 | 14 |
| 2 | 1999-00 | എൽ.എഫ്.എം-10/1524/2019 (3) തീയതി 14.10.2020 | 08 |
| 3 | 2000-01 | എൽ.എഫ്.എം-10/1524/2019 (4) തീയതി 14.10.2020 | 08 |
| 4 | 2001-02 | എൽ.എഫ്.എം-10/1524/2019 (5) തീയതി 14.10.2020 | 04 |
| 5 | 2002-03 | എൽ.എഫ്.എം-10/1524/2019 (6) തീയതി 14.10.2020 | 06 |
| 6 | 2003-04 | എൽ.എഫ്.എം-10/1524/2019 (7) തീയതി 30.10.2020 | 01 |
| 7 | 2004-05 | എൽ.എഫ്.എം-10/1524/2019 (8) തീയതി 30.10.2020 | 01 |
| 8 | 2005-06 | എൽ.എഫ്.എം-10/1524/2019 (9) തീയതി 30.10.2020 | 03 |
| 90 | 2006-07 | എൽ.എഫ്.എം-10/1524/2019 (10) തീയതി 30.10.2020 | 04 |
| 10 | 2007-08 | എൽ.എഫ്.എം-10/1524/2019 (11) തീയതി 30.10.2020 | 04 |
| 11 | 2008-09, 2010-11 | എൽ.എഫ്.എം-10/1524/2019 (12) തീയതി 30.10.2020 | 10 |
| 12 | 2011-12, 2012-13 | എൽ.എഫ്.എം14/508/2015 തീയതി 16-11-2015 | 15 |
| 13 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/1878/2016 തീയതി 13/06/17 | 11 |
| 14 | 2015-16 | കെ.എസ്.എ.എം.പി.എം.14/3473/2016 തീയതി 15/02/18 | 17 |
| 15 | 2016-17 | കെ.എസ്.എ.എം.പി.എം14/1607/17 തീയതി | 17 |

| | | | |
|---|---|---|---|
| | | 28.07.2018 | |
| 16 | 2017-18 | കെ.എസ്.എ.എം.പി.എം.10/2403/2018<br>തിയ്യതി:01-06-2019 | 16 |
| 17 | 2018-19 | കെ.എസ്.എ.എം.പി.എം.10/1758/2019<br>തിയ്യതി:11-10-2019 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്